# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 10 തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -347)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കയറും വകുപ്പുമന്ത്രി | : 1971 മുതൽ 2112 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 2113 മുതൽ 2198 വരെ |
| ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി | : 2199 മുതൽ 2286 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 2287 മുതൽ 2317 വരെ |

## പൊതുജനാരോഗ്യ നിയമം- ഏകീകരണം

1971 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ നിയമം (തിരുകൊച്ചി, മലബാർ ആക്റ്റുകൾ) ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) പ്രസ്തുത നിയമം ഏകീകരിക്കാത്തത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) നിയമം ഏകീകരിക്കുന്നതിനുള്ള നിയമനിർമ്മാണം കഴിഞ്ഞ സർക്കാർ നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പൊതുജനാരോഗ്യ നിയമം ഏകീകരണം</u>

1972 ശ്രീ. ജി. എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ നിയമവും, തിരുകൊച്ചി, മലബാർ ആക്ടും രണ്ട് തരത്തിലാണ് എന്ന കാര്യം ബോദ്ധ്യമുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ആരോഗ്യ നിയമം ഏകീകരിച്ചാൽ ആയത് പൊതുജനങ്ങൾക്ക് വളരെ പ്രയോജനപ്പെടുമെന്ന കാര്യം ബോദ്ധ്യമുണ്ടോ;

(സി) എങ്കിൽ നിയമങ്ങൾ ഏകീകരിക്കുവാൻ സന്നദ്ധമാകുമോ;

(ഡി) പ്രസ്തുത നിയമ ഏകീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ</u>

1973 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിഭ്യാഭ്യാസ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിസർച്ച് ഗൈഡുകൾക്കായി പ്രത്യേക പരിശീലന പദ്ധതികൾ നടത്താറുണ്ടോ;

(സി) ആരോഗ്യ രംഗത്ത് ഗവേഷണാത്മക പ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നത് ഏതെല്ലാം സംസ്ഥാനങ്ങളാണ്;

(ഡി) അത്തരം സംസ്ഥാനങ്ങൾക്ക് പ്രത്യേക ഗ്രാന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജീവിതശൈലി രോഗങ്ങൾ

1974 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾ അതിവേഗം വർദ്ധിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തെങ്കിലും ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഒരു ശാസ്ത്രീയ പഠനത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ജനനി സുരക്ഷാ യോജന</u>

1975 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനി സുരക്ഷ യോജന (ജെ. എസ്. വൈ.) പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹായം ചെക്കുകൾ മുഖേന വിതരണം നടത്തിയാൽമതി എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇതുമൂലം ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് നേരിട്ട് സഹായധനം നൽകിയിരുന്ന പഴയ രീതി പുനഃസ്ഥാപിക്കുമോ;

(ഡി) ഇതിനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ</u>

1976 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) മരുന്ന് വാങ്ങുന്നതിനായി ഈ സർക്കാർ എത്ര രൂപ ചെലവഴിച്ചു ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കേന്ദ്ര - സംസ്ഥാന സംഘങ്ങളുടെ സന്ദർശനം

1977 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നൂറ് ദിവസത്തിനകം ആരോഗ്യ വിദഗ്ദ്ധരടങ്ങുന്ന കേന്ദ്രസംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ടോ ;

(ബി) ആരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയതെന്നും ഈ സംഘത്തിൽ ആരൊക്കെയായിരുന്നു അംഗങ്ങളെന്നും വെളിപ്പെടുത്തുമോ ;

(സി) ഇതിനകം സംസ്ഥാന സർക്കാർ ഇത്തരം മെഡിക്കൽ സംഘങ്ങൾ രൂപീകരിച്ച് രോഗബാധിത മേഖലയിൽ സന്ദർശനം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ രോഗബാധിത മേഖലയിലെ രോഗപ്രതിരോധത്തിനും, ചികിത്സയ്ക്കുമായി സംസ്ഥാന, കേന്ദ്ര സംഘങ്ങൾ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കൊതുകുജന്യരോഗങ്ങൾ - കേന്ദ്രസംഘത്തിന്റെ റിപ്പോർട്ട്</u>

1978 ശ്രീ. ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ
'' പി. എ. മാധവൻ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊതുകു ജന്യരോഗങ്ങളുടെ സാന്നിദ്ധ്യം പരിശോധിക്കുവാൻ കേന്ദ്ര സംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) രോഗങ്ങൾ പടരുന്നതിന്റെ യാഥാർത്ഥ കാരണം കണ്ടെത്തുകയുണ്ടായോ ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ചപ്പനി കേന്ദ്ര സർക്കാരിന്റെ പഠന റിപ്പോർട്ട്</u>

1979 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനിയെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എവിടെയെല്ലാമാണ് കേന്ദ്ര സംഘം സന്ദർശനം നടത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആശുപത്രികളിലെ ചികിത്സാ നിലവാരത്തെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും കേന്ദ്ര സംഘത്തിനുള്ള അഭിപ്രായം എന്തായിരുന്നു;

(ഡി) കേന്ദ്ര സംഘത്തിന്റെ പഠന റിപ്പോർട്ട് ലഭിക്കുകയുണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ</u>

1980 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾക്ക് പ്രധാന കാരണം കുടിവെള്ളത്തിലെ മാലിന്യവും ഹോട്ടലുകളിലെ ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങളുമാണെന്ന സാഹചര്യത്തിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഭക്ഷണ ശാലകളിൽ ആഹാര സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ലൈസൻസ് ഇല്ലാത്ത എത്ര ഭക്ഷണ ശാലകളുണ്ട്; അവയുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ബോട്ടിൽ ചെയ്ത് മാർക്കറ്റിൽ വിൽക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നത് ഒരു തുടർ നടപടിയായി സ്വീകരിക്കുമോ;

(ഡി) അനധികൃതമായി വെള്ളം ബോട്ടിൽ ചെയ്തു വിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ചപ്പനി നിവാരണം</u>

1981 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പകർച്ചപ്പനി നിയന്ത്രിക്കുന്നതിനായി കഴിഞ്ഞ നൂറു ദിവസത്തിനകം എത്ര തുക ചിലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ചപ്പനി വ്യാപനം തടയാൻ സ്വീകരിച്ച നടപടികൾ</u>

1982 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്ത് പകർച്ചപ്പനിമൂലം മരണപ്പെട്ടവർ എത്രയാണ് ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പകർച്ചപ്പനി ബാധിച്ചത് ;

(സി) പകർച്ചപ്പനിമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയത് ;

(ഡി) പകർച്ചപ്പനി തടയാൻ ആരോഗ്യ വകുപ്പിന് ഉണർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പകർച്ചപ്പനി ഇല്ലാതാക്കുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച അടിയന്തിര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികളും മരുന്നും</u>

1983 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്യപ്പെട്ട കോളറയടക്കം നിരവധി പകർച്ചവ്യാധികൾ വ്യാപകമാവുന്നതും നിരവധി പേർ മരണമടയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാലം തുടങ്ങുന്നതിന് മുമ്പ് നടത്തേണ്ട രോഗപ്രതിരോധ പ്രവർത്തനങ്ങൾ യഥാസമയം ചെയ്യാത്തത് പകർച്ചവ്യാധികൾ പടരുന്നതിന് കാരണമായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പകർച്ചവ്യാധികൾ പിടിപ്പെട്ട് ഗുരുതരാവസ്ഥയിൽ കഴിയുന്നവർക്ക് പോലും ആവശ്യാനുസരണം മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>എലിപ്പനിമൂലമുള്ള മരണം</u>

1984 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എലിപ്പനി ബാധിച്ച് അടുത്ത കാലത്ത് എത്രപേർ മരണപ്പെട്ടു;

(ബി) എത്ര പേർ ചികിത്സയിലുണ്ട്;

(സി) രോഗ ബാധിതർക്ക് മരുന്നുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>എലിപ്പനി ബാധിതർക്കുള്ള ധനസഹായം</u>

1985 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എലിപ്പനി ബാധിച്ച് അടുത്തിടെ എത്ര പേർ മരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പനി പടരുന്നത് തടയുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എലിപ്പനി ബാധിച്ചവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പനിമൂലമുള്ള മരണം</u>

1986 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പനി ബാധിച്ച് ചികിത്സ തേടിയവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇന്നേവരെ എത്ര പനിമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്; സർക്കാർ ആശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും കണക്ക് ലഭ്യമായിട്ടുണ്ടോ;

(സി) ആശുപത്രിയിൽ ചികിത്സ തേടാതെ ആരെങ്കിലും മരിച്ചതായുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; അത് എത്രയാണ്;

(ഡി) പനിമരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ആൺ/പെൺ തിരിച്ച് ലഭ്യമാക്കുമോ;

(ഇ) 15 വയസ്സിനുതാഴെ പ്രായമുള്ള എത്രപേർ മരിച്ചിട്ടുണ്ട് എന്ന് ആൺ/പെൺ തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഏതൊക്കെ പനികൾ മൂലം എത്ര മരണം സംഭവിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ജി) മരണപ്പെട്ടവർക്ക് മറ്റേതെങ്കിലും തരത്തിലുള്ള അസുഖമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; കൃത്യമായ കണക്ക് വെളിപ്പെടുത്തുമോ;

(എച്ച്) പനി പടർന്നു പിടിക്കാനുണ്ടായ സാഹചര്യം എന്താണ്; എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

എലിപ്പനി, ഡങ്കിപ്പനി, പന്നിപ്പനി എന്നിവ ബാധിച്ച് മരിച്ച വര്‍ക്കുള്ള ധനസഹായം

1987 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാര്‍ അധികാരത്തിലിരുന്നപ്പോള്‍ എലിപ്പനി, ഡങ്കിപ്പനി, പന്നിപ്പനി എന്നിവ ബാധിച്ച് മരിച്ച എത്ര പേരുടെ കുടുംബങ്ങള്‍ക്ക് ധനസഹായം നല്‍കിയിട്ടുണ്ട്;

(ബി) ഓരോരുത്തര്‍ക്കും എത്ര രൂപ വീതമാണ് ധനസഹായം നല്‍കിയിരുന്നത്;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം പനി ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങള്‍ക്ക് ധനസഹായം നല്‍കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ എത്ര പേര്‍ക്കാണ് ധനസഹായം നല്‍കിയിട്ടുള്ളത്;

(ഇ) ഓരോരുത്തര്‍ക്കും എത്ര രൂപ വീതമാണ് ധനസഹായം നല്‍കിയിരിക്കുന്നത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അരിവാൾ രോഗം നിയന്ത്രിക്കാൻ നടപടി</u>

1988 ശ്രീ.എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികളിൽ കണ്ടിരുന്ന 'അരിവാൾ രോഗം' ഇതര വിഭാഗങ്ങളിലേക്ക് പടരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത രോഗം ബാധിച്ചവരുടെ എണ്ണം എത്രയാണെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യാമാക്കാമോ;

(സി) രോഗം കണ്ടെത്തി സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(ഡി) പ്രസ്തുത രോഗം നിയന്ത്രണവിധേയമാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ</u>

1989 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സർക്കാർ മേഖലയിൽ എത്രയെണ്ണമുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റുകൾ സ്വകാര്യ മേഖലയിൽ എത്രയെണ്ണമുണ്ടെന്നും അവ എവിടെയൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത യൂണിറ്റുകൾ തുടങ്ങുന്നതിന് സ്വകാര്യ സംരംഭകർക്ക് സർക്കാർ മേഖലയിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും സർക്കാർ ആശുപത്രിയിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുവാൻ സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ അനുകൂല നിലപാട് സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം</u>

1990 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളെ ക്ലാസിഫൈ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്; ആയുർവേദ, ഹോമിയോ, അലോപ്പതി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ മിനിമം വിദ്യാഭ്യാസ യോഗ്യത ഉറപ്പുവരുത്തുന്നതിനായി നിലവിൽ എന്ത് സംവിധാനമാണുള്ളത്;

(ഇ) പ്രസ്തുത സംവിധാനം കാര്യക്ഷമമല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കാര്യക്ഷമമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) മിക്ക സ്വകാര്യ ആശുപത്രികളിലും മിനിമം യോഗ്യത പോലുമില്ലാത്തവർ ജോലി ചെയ്യുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരക്കാരെ നിയമിച്ച ആശുപത്രി അധികൃതരെ വരെ ശിക്ഷിക്കാൻ എന്താണ് സംവിധാനം; അപ്രകാരം ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിലെ ഇരട്ടനിയന്ത്രണം</u>

1991 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡി.എച്ച്.എസ്. - ഡി.എം.ഇ. ഇരട്ട നിയന്ത്രണം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.എച്ച്.എസിൽ നിന്നും ഡി.എം.ഇ. യിലേക്ക് ഓപ്ഷൻ നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് ക തസ്തികയിൽപ്പെട്ട എത്ര ജീവനക്കാർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിയമനം ലഭിക്കാനുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് ക തസ്തികയിൽപ്പെട്ട ജീവനക്കാരുടെ ലിസ്റ്റ് അവരുടെ സീനിയോറിറ്റി ക്രമത്തിൽ നൽകുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പേപ്പട്ടികളുടെ ആക്രമണം</u>

1992 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പട്ടി കടിയേറ്റ് ചികിത്സയ്ക്കെത്തുന്നവർക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തലസ്ഥാനത്തെ ആശുപത്രികളിൽ എത്ര പേർ പട്ടി കടിയേറ്റ് ചികിത്സക്കെത്തിയെന്ന് വിശദമാക്കുമോ;

(സി) ഇതിൽ പതിനഞ്ചു വയസ്സിൽ താഴെ പ്രായമുളള കുട്ടികൾ എത്ര പേരുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടി കടിയേറ്റ് ചികിത്സ തേടിയെത്തിയ എത്ര രോഗികൾക്ക് ഈ സർക്കാർ മരുന്ന് സൗജന്യമായി നൽകിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ചികിൽസാ പിഴവുമൂലം മരണം</u>

1993 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ വീട്ടമ്മ തിരുവനന്തപുരം എം.സി.എച്ച്ൽ ചികിൽസ കിട്ടാതെ മരണപ്പെട്ടതായ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ആശുപത്രിയിലെ ലാബുകളിൽ കൃത്യസമയത്ത് രക്തപരിശോധന നടക്കാതിരുന്നതും, ചികിൽസ നൽകാതിരുന്നതുമാണ് മരണകാരണമെന്ന ബന്ധുക്കളുടെ പരാതിയിൽ അന്വേഷണം നടത്തിയിരുന്നോ ;

(സി) എങ്കിൽ അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ക്ലബ് ഫുട്ട്- ചികിത്സാ സൗകര്യം</u>

1994 ശ്രീ. എം.എ വാഹീദ്
,, ലൂഡി ലൂയിസ്
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കളിലുണ്ടാകുന്ന ക്ലബ് ഫുട്ട് എന്ന ശാരീരിക വൈകല്യം ചികിത്സിച്ചു ഭേദഗമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് ഇതിനുളള സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്;

(സി) ഈ രോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊണ്ടിട്ടുളളത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ കുട്ടികളെ സംബന്ധിച്ച വിവരശേഖരണം</u>

1995 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷനുള്ള ധനസഹായ പദ്ധതിയുടെ പ്രയോജനം ലഭിക്കാവുന്ന കുട്ടികളെ സംബന്ധിച്ച വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് ('നിഷ്') എന്ന സ്ഥാപനത്തിന്റെ സഹകരണംകൂടി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിലെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പാൻപരാഗ് പോലുള്ള ലഹരിവസ്തുക്കൾ</u>

1996 ശ്രീ. കെ.എൻ. എ. ഖാദർ
,, പി. ഉബൈദുള്ള
,, കെ.എം. ഷാജി
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻപരാഗ് പോലുള്ള ലഹരിവസ്തുക്കൾ സമൂഹത്തിലുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) അവയുടെ നിർമ്മാണവും, വിപണനവും നിരോധിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലമെന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം ലഹരിവസ്തുക്കളുടെ നിർമ്മാണം അന്യസംസ്ഥാനങ്ങളിലാണ് നടക്കുന്നത് എന്നതിനാൽ നിർമ്മാണഘട്ടത്തിൽത്തന്നെ നിരോധനം ഏർപ്പെടുത്തക്കവിധം കേന്ദ്രസർക്കാരുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടോ;

(ഇ) യുവജനങ്ങളുടെയും കുട്ടികളുടെയും ആരോഗ്യത്തെ ബാധിക്കുന്ന ഈ സാമൂഹ്യ വിപത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പ്രോസ്റ്റേറ്റ് കാൻസർ</u>

1997 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 വയസ്സിന് മുകളിലുള്ള പുരുഷൻമാരിൽ പ്രോസ്റ്റേറ്റ് കാൻസർ വ്യാപകമാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കാൻസർ-ഹൃദയ - വൃക്ക രോഗികൾക്കു പ്രത്യേക സഹായ പദ്ധതി

1998 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ - ഹൃദയ - വൃക്ക രോഗികൾക്ക് 2011-12 വർഷത്തെ ബജറ്റിൽ പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാല</u>

1999 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണമായ തോതിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്;

(ബി) മെഡിക്കൽ സർവ്വകലാശാലയ്ക്കുവേണ്ടി, കെട്ടിടനിർമ്മാണത്തിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ;

(സി) സംസ്ഥാനത്തെ ഏറ്റവും വലിയ സർവ്വകലാശാലയായി മാറാൻ പോകുന്നതും, ആരോഗ്യമേഖലയിൽ പഠനവും, ഗവേഷണങ്ങളും പരിപോഷിപ്പിച്ച് വിപ്ലവകരമായ മാറ്റം വരുത്താൻ കഴിയുന്നതുമായ ആരോഗ്യ സർവ്വകലാശാല പൂർണ്ണമായ തോതിൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 10.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ പ്രാക്ടീസ് നിരോധനം</u>

2000 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, ബി. സത്യന്‍
,, എ. എം. ആരിഫ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ കോളേജുകളിലെ ഡോക്ടര്‍മാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) മുന്‍ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി, സ്വീകരിച്ച ഈ ദിശയിലുള്ള പ്രവര്‍ത്തനങ്ങള്‍ നിലച്ചിരിക്കുന്നതു മൂലം ആശുപത്രികളുടെ പ്രവര്‍ത്തനം കാര്യക്ഷമമല്ലാതായിരിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസും പെയ്ഡ് ക്ലിനിക്കും</u>

2001 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെയും സർക്കാർ ആശുപത്രികളിലെയും ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്; കോപ്പി ഹാജരാക്കാമോ; ഏത് സാഹചര്യത്തിലാണ് സർക്കാർ ഇത്തരമൊരു തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്കായി പ്രഖ്യാപിച്ചത്; ഇവയിൽ ഏതൊക്കെയാണ് നടപ്പിലാക്കിയിട്ടുളളത്; എന്നുമുതൽ ഈ ആനുകൂല്യം ഇവർക്ക് ലഭിക്കുന്നു;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം, ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ;

(ഡി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; സ്വകാര്യ പ്രാക്ടീസ് നിരോധനം നീക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) മെഡിക്കൽ കോളേജുകളിൽ പെയ്ഡ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിലെ തീവ്ര പരിചരണ വിഭാഗം</u>

2002 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ അത്യാസന്നനിലയിൽ എത്തുന്ന രോഗികളെ ചികിൽസിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളത് ;

(ബി) ഇതിനായി തീവ്ര പരിചരണ വിഭാഗം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കാൻ ആരെയാണ് നിയോഗിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) റിപ്പോർട്ട് ലഭിച്ച ശേഷം ഇത് നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് ഐ.സി.യു. പ്രവർത്തനം</u>

2003 ശ്രീ. വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഐ.സി.യു. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) അപകടത്തിൽ പരിക്കേറ്റ് എത്തുന്ന രോഗികൾക്ക് 'ക്രാഷ് കാർട്ട്' സംവിധാനം ഏർപ്പെടുത്തി പരിശോധിക്കുവാൻ തീരിമാനമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വേണ്ടത്ര ചികിത്സ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തൽ

2004 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്നും ഇനി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെന്തെല്ലാമെന്നും വിശദീകരിക്കാമോ;

(സി) അത്യാഹിത ചികിത്സാ വിഭാഗങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവിടങ്ങളിൽ ക്രിട്ടിക്കൽ കെയർ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

2005 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതിയതായി ആരംഭിക്കുന്ന 4 മെഡിക്കൽ കോളേജുകൾ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലാണോ ആരംഭിക്കുന്നത്; എവിടെയെല്ലാം?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജ്</u>

2006 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടർച്ച യായി വെള്ളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശുപത്രിക്കകത്ത് ജലവിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്ക്കരിച്ചതെന്ന് വിശദമാ ക്കുമോ ;

(സി) ജലവിതരണം കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം തസ്തിക കളിൽ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഇവിടെ ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെ ങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്</u>

2007 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനോടനുബന്ധിച്ച് ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കോഴിക്കോട് മെഡിക്കൽ കോളേജിലെ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൽ കോഴ്സ്

2008 ശ്രീ.എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് നടത്തുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഈ വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റൽ സൗകര്യം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ</u>

2009 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മേപ്പയ്യൂർ എം. എൽ. എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഖ്യ ഉപയോഗിച്ച് എന്തെല്ലാം ചികിൽസാ സൗകര്യങ്ങൾ മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം ഏർപ്പെടുത്തിയ ചികിൽസാ സൗകര്യം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും ഇപ്പോഴും പ്രസ്തുത ചികിൽസാ സൗകര്യം മെഡിക്കൽ കോളേജിൽ നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ</u>

2010 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ</u>
<u>ബി.എസ്.സി.(എം.എൽ.ടി) കോഴ്സ്.</u>

2011 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.എസ്.സി.(എം.എൽ.ടി) കോഴ്സ് നടത്തുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും ആവശ്യമാണെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസ്തുത അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും എന്ന് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

അനധികൃത നഴ്സിംഗ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ

2012 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാതെ നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വേണ്ട വിധം പരിശീലനം ലഭിക്കാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നേടിയവർ വ്യാപകമായി നേഴ്സിംഗ് പാരാമെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വേണ്ടത്ര സൗകര്യങ്ങളോ പരിശീലനം ലഭിച്ച ടെക്നീഷ്യൻസോ ഇല്ലാതെ പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ നിന്ന് തെറ്റായ പരിശോധനാ ഫലം നൽകുന്നതു മൂലമുള്ള ഭവിഷ്യത്തുകളെ ഗൗരവമായി കാണുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ആദിവാസി വിദ്യാർത്ഥികളുടെ മെഡിക്കൽ ഉപരിപഠനം

2013 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം. ബി. ബി. എസ്. പഠനം പൂർത്തിയാക്കി എം. ഡി., എം. എസ് പഠനത്തിന് 2011-12 വർഷം ജനറൽ മെഡിസിൻ, സർജറി, പീടിയാട്രിക്സ്, ഗൈനക്കോളജി എന്നീ പ്രധാന വിഭാഗങ്ങളിൽ എത്ര ആദിവാസി കുട്ടികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് മെഡിക്കൽകേളേജ്</u>

2014 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർവ്വകലാശാലക്കു കീഴിൽ കാസർഗോഡ് അനുവദിച്ച മെഡിക്കൽ കോളേജ് സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മെഡിക്കൽകോളേജ് ആരംഭിക്കുന്നതിന് ഉചിതമായ സ്ഥലം ലഭിച്ചിട്ടുണ്ടോ;

(സി) എന്നുമുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാകും ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കല്‍ കോളേജില്‍ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങള്‍</u>

2015 ശ്രീ. കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം മെഡിക്കല്‍ കോളേജില്‍ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങള്‍ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) ഇവിടെ രാത്രി സമയത്ത് വിദഗ്ദ്ധ ഡോക്ടര്‍മാരുടെ സേവനം ലഭ്യമാവുന്നില്ലെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഇന്‍പേഷ്യന്റ് വിഭാഗം കൂടുതല്‍ ഫലപ്രദമാക്കുന്നതിനായി കൂടുതല്‍ ഡോക്ടര്‍മാരെയും ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജിന് പദ്ധതി വിഹിതം</u>

2016

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ വാർഷിക ബഡ്ജറ്റിൽ തൃശൂർ മെഡിക്കൽ കോളേജിന് പദ്ധതി വിഹിതമായി യാതൊരു തുകയും വകയിരുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി വിഹിതം ലഭിക്കാതെ മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും പ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയില്ല എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിന് പദ്ധതി വിഹിതം അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽകോളേജ് ബഡ്ജറ്റ് വിഹിതം</u>

2017 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 2006-2007 മുതൽ 2010-11 വരെ വർഷം തിരിച്ച് പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മുൻ സർക്കാർ 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത സ്ഥാപനത്തിന് വകയിരുത്തിയ തുക എത്രയാണ് ; ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്ലാൻ-നോൺപ്ലാൻ ഇനങ്ങളിൽ വകിയിരുത്തിയിട്ടുള്ള തുകയുടെ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുകളിന്റേയും ആശുപത്രിയുടേയും വികസനത്തിനായി തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

2018 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ അധികാരികളുടെ അനാസ്ഥമൂലം രോഗികൾ മരണപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളെപ്പറ്റി അന്വേഷിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) വണ്ടാനം മെഡിക്കൽ കോളേജിൽ നിലവിലെ പ്രിൻസിപ്പൽ ചാർജ്ജെടുത്തശേഷം എത്ര തവണ ആശുപത്രി സന്ദർശിച്ച് പരിശോധന നടത്തിയെന്നും ആശുപത്രി പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് രേഖാമൂലം നൽകിയിട്ടുളളതെന്നും ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ; നിയമപ്രകാരമുള്ള സന്ദർശനവും ആശുപത്രി പ്രവർത്തന പരിശോധനയും നടത്തിയിട്ടില്ലെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോഴത്തെ പ്രിൻസിപ്പലിന്റെ പ്രവർത്തനത്തിൽ ആശുപത്രി സ്റ്റാഫിനും പൊതുജനങ്ങൾക്കും മതിപ്പില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ മാറ്റി കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന മറ്റൊരാളെ പ്രിൻസിപ്പലായി നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഒഴിവു വരുന്ന മെഡിക്കൽ സീറ്റുകളിലെ പ്രവേശനം

2019 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിന്ന് ഏതെങ്കിലും ഒരു കോഴ്സിന് അഡ്മിഷൻ ലഭിച്ചവർക്കു ഹയർ ഓപ്ഷൻ ലഭിക്കുകയോ, മറ്റ് സംസ്ഥാനങ്ങളിൽ അഡ്മിഷൻ ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിഷ്ക്കർഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) അപ്രകാരം ഒഴിവ് വരുന്ന സീറ്റുകളിൽ സംസ്ഥാന എൻട്രൻസ് ലിസ്റ്റിൽ നിന്ന് കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പ്രവേശന തീയതിയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രവേശന തീയതിയ്ക്ക് ശേഷം ഒരു മാസത്തിനുള്ളിൽ മറ്റ് സംസ്ഥാനങ്ങളിൽ പ്രവേശനം നേടുന്ന ഒഴിവിലേയ്ക്ക് സംസ്ഥാന എൻട്രൻസ് ലിസ്റ്റിൽ നിന്ന് പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഹയർ ഓപ്ഷനിലൂടെ ഉയർന്ന കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നവർക്കും സംസ്ഥാനന്തര വിദ്യാർത്ഥികൾക്കും മറ്റ് സംസ്ഥാനങ്ങളിൽ മത്സര പരിക്ഷകളിൽ മെരിറ്റ് ലിസ്റ്റിൽ വരുന്ന വിദ്യാർത്ഥികളും നാല് വർഷത്തെ ഫീസ് നൽകണമെന്നുള്ള വ്യവസ്ഥ ഇളവ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

മോർച്ചറിയിലെ സുരക്ഷ

2020 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് മോർച്ചറിയിലെ ഫ്രീസറിൽ സൂക്ഷിച്ചിരുന്ന മൃതദേഹത്തിന്റെ മുഖം എലി കടിച്ച് വികൃതമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ്മോർട്ടത്തിനായി സൂക്ഷിച്ചിരുന്ന മൃതദേഹം എലി കടിച്ച് വികൃതമാക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളുടെ പേരിൽ അന്വേഷണ വിധേയമായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

പുളിങ്കുന്ന് താലൂക്ക് ആശുപത്രി ആർ.ഒ. പ്ലാന്റ് നിർമ്മാണം.

2021 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലേക്ക് അനുവദിച്ച ആർ.ഒ പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആരോഗ്യ വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

പേരാമ്പ്ര താലൂക്കാശുപത്രിയുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി

2022 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേരാമ്പ്ര സര്‍ക്കാര്‍ താലൂക്ക് ആശുപത്രിയിലെ ഡോക്ടര്‍മാരുടെയും നഴ്സുമാരുടെയും അനുബന്ധ ജീവനക്കാരുടെയും എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണ്‍ എത്രയെന്നും സ്റ്റാഫ് പാറ്റേണ്‍ പ്രകാരമുളള ജീവനക്കാര്‍ ആശുപത്രിയില്‍ ജോലി ചെയ്യുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(സി) താലൂക്ക് ആശുപത്രിയായി ഉയര്‍ത്തിയ പേരാമ്പ്ര കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്‍ററില്‍ ഡോക്ടര്‍മാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം തസ്തികകളില്‍ നിയമനം നടത്തിയിട്ടുണ്ട്;

(ഡി) ജീവനക്കാര്‍ ആവശ്യത്തിന് ഇല്ലാത്തതു കാരണം പ്രസ്തുത ആശുപത്രിയുടെ പ്രവര്‍ത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി താലൂക്കാശുപത്രിയിലെ പോരായ്മകൾ</u>

2023 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ്, സൈക്യാട്രി യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ജനറേറ്റർ പ്രവർത്തന ക്ഷമമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ ജനറേറ്റർ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഐ. പി. ബ്ലോക്കിന്റെ നിർമ്മാണം</u>

2024 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പയ്യന്നൂർ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ എൻ. ആർ. എച്ച്. എം. പദ്ധതി പ്രകാരം പുതുതായി നിർമ്മിക്കുന്ന ഐ. പി. ബ്ലോക്കിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത കെട്ടിടത്തിന് ലിഫ്റ്റും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അവ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി താലൂക്ക് ആശുപത്രി പുതിയ ബ്ലോക്ക്</u>

2025 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തെങ്കിലും രൂപരേഖകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി താലൂക്ക് ആശുപത്രിയിലെ അപര്യാപ്തതകൾ</u>

2026 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കാശുപത്രിയിൽ ഡോക്ടർ മാരുടെ കുറവുമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നേഴ്സിംഗ് ക്വോർട്ടേഴ്സില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കുമോ;

(സി) രക്തബാങ്കിന്റെ അഭാവം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ ശോചനീയാവസ്ഥ അടിയന്തിരമായി പരിഹരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന നടപടി

2027 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പരാധീനതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയെ ഒരു മാതൃകാ ആശുപത്രിയായി ഉയർത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലെ നേഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫ് പാറ്റേൺ</u>

2028 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലുക്കാശുപത്രിയിലെ നേഴ്സിംഗ് പാരാമെഡിക്കൽ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ബി) നാല് വിഭാഗങ്ങളും, പരിമിതമായ കിടക്കകളും മാത്രമുള്ള കാലത്ത് നടപ്പിൽ വരുത്തിയ സ്റ്റാഫ് പാറ്റേൺ ആശുപത്രിയുടെ ഇപ്പോഴുള്ള അവസ്ഥയിൽ പര്യാപ്തമാണോ ;

(സി) സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് അധികമായി ആവശ്യമുള്ള ഉദ്യോഗസ്ഥരെയും നേഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫുകളെയും നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലെ ഐ. സി. യൂണിറ്റ്</u>

2029 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ ശബരിമല സീസണുകളിൽ മാത്രം പ്രവർത്തിക്കുന്ന ഐ. സി. യൂണിറ്റിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കും;

(ബി) ഐ. സി. യൂണിറ്റിന്റെ പ്രവർത്തനം ഒരു സ്ഥിരം സംവിധാനമായി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നു മുതൽക്കെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പേരാവൂര്‍ താലൂക്കാശുപത്രിയില്‍ കാഷ്വാലിറ്റി വിഭാഗം</u>

2030 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പേരാവൂര്‍ താലൂക്കാശുപത്രിയില്‍ കാഷ്വാലിറ്റി വിഭാഗം ആരംഭിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ഫറോക്ക് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം</u>

2031 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാകും;

(ബി) പ്രസ്തുത ആശുപത്രിയിലേക്ക് പുതുതായി അനുവദിച്ച തസ്തികകൾ ഏതെല്ലാമാണ്;

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയോ; ഇല്ലെങ്കിൽ എപ്പോൾ നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ബ്ലോക്ക്.</u>

2032 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ബ്ലോക്കിന്റെ ഉദ്ഘാടനം എന്നാണ്കഴിഞ്ഞത്;

(ബി) പ്രസ്തുത കെട്ടിടത്തിന് എത്ര സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണുള്ളത്;

(സി) ബ്ലോക്ക് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും; അതിനുള്ള ഫർണിച്ചറുകളും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കിയോ;

(ഡി) പ്രസ്തുത ബ്ലോക്കിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ആണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്; ഇതിനായി ഏതെല്ലാം നിർദേശങ്ങൾ ആണ് ആശുപത്രി അധികൃതർ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഇവിടെ ഡോക്ടർമാരുൾപ്പെടെ എത്ര സ്റ്റാഫ് ആവശ്യമായിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(എഫ്) നിലവിൽ എത്ര ഡോക്ടർമാരാണുള്ളത്; ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി</u>

2033 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ നിർദിഷ്ട സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കല്ലിയൂർ പി. എച്ച്. സി. യിലെ ജീവനക്കാരുടെ അഭാവം

2034 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരും മറ്റ് ജീവനക്കാരും ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവിടെ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഗൈനക്കോളജിസ്റ്റിന്റെ നിയമനം</u>

2035 ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാണ് പ്രവർത്തിക്കുന്നത്;

(ബി) എത്ര എണ്ണത്തിൽ പ്രസവമുറികൾ സജ്ജീകരിച്ചിട്ടുണ്ട്;

(സി) ഇവിടെ ഗൈനക്കോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഗൈനക്കോളജിസ്റ്റ് ഇല്ലാത്ത സെന്ററുകളുടെയും ഉള്ളവയുടെയും പേരുവിവരം വ്യക്തമാക്കുമോ;

(ഇ) ഗൈനക്കോളജിസ്റ്റുകൾ ഇല്ലാത്ത സെന്ററുകളിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ
ഗൈനക്കോളജിസ്റ്റിന്റെ നിയമനം

2036 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതിനാൽ പ്രസവമുറി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കരാർ ഡോക്ടർമാരെ സ്ഥിരപ്പെടുത്തൽ

2037 ശ്രീ.കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന എം.ബി.ബി.എസ്സുകാരായ ലക്ചറർമാരെ ആരെയെങ്കിലും സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ആരോഗ്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) സ്ഥിരപ്പെടുത്തിയ നടപടി ചട്ടവിരുദ്ധവും നിയമലംഘനവുമാണെന്ന കാര്യം അറിയുമോ ;

(ഡി) ഇതിനെതിരെ എന്തെങ്കിലും ആക്ഷേപം ലഭിക്കുകയുണ്ടായോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അടൂർ ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

2038 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ ജനറൽ ആശുപത്രിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ നിലവിലുള്ള അനുവദനീയ തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിൽ എല്ലാം ഇപ്പോൾ ജീവനക്കാർ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവ്</u>

2039 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പുതുക്കാട് താലൂക്കാശുപത്രിയിലെ തസ്തികകൾ</u>

2040 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിലും, തൃശ്ശൂർ കമ്മ്യൂണിറ്റി സെന്ററിലും വേണ്ടത്ര ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്. എം. മുഖേന ഡോക്ടർമാരുടെ നിയമനം</u>

2041 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി വ്യാപകമായ സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പകർച്ചപ്പനി വ്യാപകമായ സാഹചര്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളിലും എൻ. ആർ. എച്ച്. എം. വഴി താൽക്കാലിക ഡോക്ടർ മാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഡോക്ടർമാരുടെ സേവനം ലഭ്യമാക്കൽ

2042 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ദീർഘകാല അവധി ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്;

(ബി) ഡോക്ടർമാരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പി.എച്ച്.സി - സി.എച്ച്.സി കളിലെ തസ്തികകൾ</u>

2043 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾ തടയുന്നതിനായി ഈ വർഷം എത്ര തുകയാണ് വിനിയോഗിച്ചത് ;

(ബി) പി.എച്ച്.സി കളിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും തസ്തികകൾ ജനസംഖ്യാനുപാതികമായി പുനസൃഷ്ടിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുമോ ;

(സി) ഫീൽഡു വിഭാഗം സൂപ്പർവൈസറി തസ്തികകൾ നിലവില്ലാത്ത പി.എച്ച്.സി. - സി.എച്ച്.സി എന്നിവടങ്ങളിൽ പുതിയ തസ്തികകൾ അനുവദിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

പെരിങ്ങോം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അഭാവം

2044 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

